വിശകലനം

●

വി.എം ഹസനുൽ ബന്ന

# രാജ്യം ഏകധ്രുവ രാഷ്ട്രീയത്തിലേക്ക്

**എടുത്തുപറയാൻ ഒരു നേട്ടവുമില്ലാതെയാണ് കോൺഗ്രസ് സഖ്യം മഹാരാഷ്ട്രയിൽ അധികാരത്തിൽ തിരിച്ചെത്തിയത്. അതേസമയം ഭരണവിരുദ്ധവികാരങ്ങൾ ഏറെയുണ്ടായിരുന്നുതാനും. ഈ ഭരണവിരുദ്ധ വികാരത്തെ ഭിന്നിപ്പിച്ചു നിർത്തുന്നതിൽ കോൺഗ്രസ് നേടിയ വിജയമാണ് തെരഞ്ഞെടുപ്പിൽ സീറ്റുകളായി മാറിയത്.**



**അടിയന്തരാവസ്ഥക്ക്** തൊട്ടുമുമ്പുള്ള കോൺഗ്രസിന്റെ ഏകാധിപത്യത്തിലേക്ക് നമ്മുടെ രാജ്യം നീങ്ങുകയാണോ എന്ന ചോദ്യം ഏതാനും നാളുകളായി രാഷ്ട്രീയ നിരീക്ഷകരുടെ ഭാഗത്തു നിന്ന് ഉയർന്നുകേൾക്കുന്നു. കഴിഞ്ഞ വാരം പുറത്തു വന്ന മൂന്ന് സംസ്ഥാന നിയമസഭകളിലേക്ക് നടന്ന തെരഞ്ഞെടുപ്പിന്റെ ഫലം ഈ ആശങ്കക്ക് അടിവരയിടുന്നതായി.

തീവ്ര ഹിന്ദുത്വ ഫാസിസ്റ്റ് കക്ഷിയെ ഭരണത്തിൽ നിന്ന് അകറ്റി നിർത്താൻ സഹായകമായി എന്നതൊഴിച്ചാൽ കോൺഗ്രസിന് ലഭിച്ച 3-0 വിജയം ഇന്ത്യൻ ജനാധിപത്യത്തിന് നൽകുന്ന സൂചനകൾ ഒട്ടും ശുഭകരമല്ല. എക്സിറ്റ് പോളുകൾ പ്രവചിച്ച പോലെ മൂന്ന്

സംസ്ഥാനങ്ങളും തൂത്തുവാരിയില്ലെങ്കിലും കോൺഗ്രസിനെ വെല്ലുവിളിക്കാൻ ശക്തമായ പ്രതിപക്ഷമില്ലെന്നാണ് മൂന്ന് സംസ്ഥാനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പ് തെളിയിച്ചത്.

മഹാരാഷ്ട്രയിൽ ബി.ജെ.പി-ശിവസേന സഖ്യത്തിന്റെ ഫാസിസ്റ്റ് സങ്കുചിത രാഷ്ട്രീയത്തെ 90 ൽ പിടിച്ചുകെട്ടി 144 സീറ്റ് നേടിയ കോൺഗ്രസ്-എൻ.സി.പി സഖ്യം ജനാധിപത്യ ചേരിയിലുണ്ടാക്കിയ താൽക്കാലിക ആശ്വാസം കാണാതെയല്ല ഈ വിലയിരുത്തൽ. അധികാരത്തിൽ നിന്ന് അകറ്റിനിർത്തപ്പെട്ടപ്പോഴൊക്കെയും ഇന്ത്യയിലെ ഹിന്ദുത്വ രാഷ്ട്രീയം കൂടുതൽ ദുർബലമാകുന്ന അനുഭവമുള്ളപ്പോൾ വിശേഷിച്ചും ഈ ആശ്വാസം കാണാതിരുന്നുകൂടാ. എന്നാൽ മഹാരാഷ്ട്രയിൽ തീവ്ര ഹിന്ദുത്വത്തിന് പകരം മൃദുഹിന്ദുത്വം കളിച്ച കോൺഗ്രസിൽ നിന്ന് ന്യൂനപക്ഷവിഭാഗങ്ങൾ ഒന്നും പ്രതീക്ഷിക്കുന്നില്ലെന്ന് ചേർത്തു വായിക്കുമ്പോൾ ഈ ആശ്വാസവും ആശങ്കയുടെ നിശ്വാസമായി മാറുകയാണ്.

## ഭിന്നിപ്പിച്ച് ജയിക്കുക

ഒരു ദേശീയ ചാനലിന്റെ ന്യൂസ് അവറിൽ പ്രമുഖ പത്രപ്രവർത്തകൻ സായ്നാഥ് ചൂണ്ടിക്കാണിച്ച പോലെ എടുത്തുപറയാൻ ഒരു നേട്ടവുമില്ലാതെയാണ് കോൺഗ്രസ് സഖ്യം മഹാരാഷ്ട്രയിൽ അധികാരത്തിൽ തിരിച്ചെത്തിയത്. അതേസമയം ഭരണവിരുദ്ധവികാരങ്ങൾ ഏറെയുണ്ടായിരുന്നുതാനും. ഈ ഭരണവിരുദ്ധ വികാരത്തെ ഭിന്നിപ്പിച്ചു നിർത്തുന്നതിൽ കോൺഗ്രസ് നേടിയ വിജയമാണ് തെരഞ്ഞെടുപ്പിൽ സീറ്റുകളായി മാറിയത്.

ഹിന്ദുത്വ-മറാത്താ സങ്കര രാഷ്ട്രീയം മഹാരാഷ്ട്രയിൽ കടുത്ത ഭീഷണിയാണ് തങ്ങൾക്കെന്ന് തിരിച്ചറിഞ്ഞ കോൺഗ്രസ് ഭിന്നിപ്പിച്ചു ജയിക്കുന്നതിനുള്ള തന്ത്രങ്ങൾ നേരത്തെ തന്നെ പരീക്ഷിച്ചു തുടങ്ങിയിരുന്നു. കുറേകൂടി തീവ്രമായ മറാത്താ വംശീയവാദം ഉയർത്തി ശിവസേനയെ നെടുകെ പിളർത്തി രാജ് താക്കറെയുടെ മഹാരാഷ്ട്ര നവനിർമാൺ സേന 2006-ൽ രംഗപ്രവേശം ചെയ്തതുമുതൽ കോൺഗ്രസ്-എൻ.സി.പി സർക്കാർ സകല പിന്തുണയും നൽകി. ശിവസേനയെ ദുർബലപ്പെടുത്താൻ നവനിർമാൺ സേനയെ വളർത്തണമെന്ന ലളിത സൂത്രമായിരുന്നു കോൺഗ്രസിനും എൻ.സി.പിക്കും. ഉത്തരേന്ത്യക്കാർക്ക് നേരെ മുംബൈയുടെ തെരുവുകളിൽ രാജിന്റെ അനുയായികൾ അഴിഞ്ഞാടിയപ്പോൾ സർക്കാർ സ്വീകരിച്ച മൃദുസമീപനം ഈ സൂത്രത്തിന്റെ ഉദാഹരണമായിരുന്നു. മറാത്താ വംശീയത ആളിക്കത്തിച്ച രാജ് താക്കറെയെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി ചോദിച്ച് മുംബൈ പോലിസ് കമീഷണർ നൽകിയ അപേക്ഷയിൽ രണ്ടു വർഷമാണ് കോൺഗ്രസ്-എൻ.സി.പി സർക്കാർ അടയിരുന്നത്. 2006 മാർച്ച് 19ന് ശിവാജി പാർക്കിൽ നടന്ന എം.എൻ.എസിന്റെ ആദ്യറാലിക്ക് അണികളെ എത്തിച്ചുകൊടുത്തത് കോൺഗ്രസായിരുന്നുവെന്നത് കോൺഗ്രസിന്റെ മുതിർന്ന നേതാക്കൾ തന്നെ സമ്മതിച്ചതാണ്. കോൺഗ്രസിന്റെയും എൻ.സി.പിയുടെയും അണികൾ എം.എൻ.എസിലേക്ക് പോകുന്നതിനു വരെ ഇത് വഴിവെച്ചെങ്കിലും ആത്യന്തിക പരാജയം ശിവസേനക്കായിരിക്കുമെന്ന കണക്കുകൂട്ടൽ തെരഞ്ഞെടുപ്പ് ശരിവെച്ചു. രാംദാസ് അത്താവാലെയുടെ നേതൃത്വത്തിൽ രൂപംകൊണ്ട മൂന്നാം മുന്നണിക്ക് എൻ.സി.പി നൽകിയ തന്ത്രപരമായ പിന്തുണയും ഭിന്നിപ്പിക്കൽ തന്ത്രത്തിന്റെ ഭാഗമായിരുന്നു. എൻ.സി.പി നേതാവ് ശരത് പവാറുമായി അത്താവാലെക്കുള്ള ബന്ധം വളരെ പരസ്യമാണ്.

## ബി.ജെ.പിയുടെ ദുർഗതി

**പാർശ്വവൽക്കരിക്കപ്പെടുന്ന തിരസ്കൃതർ കോൺഗ്രസിന്റെ കാപട്യം തിരിച്ചറിയുന്നതിന്റെ ശുഭസൂചനയും ഈ തെരഞ്ഞെടുപ്പ് നൽകി. നിയമസഭാ തെരഞ്ഞെടുപ്പിൽ ജൻ സ്വരാജ്യ ശക്തി (ജെ.എസ്.എസ്) എന്ന പ്രാദേശിക സംഘടനയുടെ ബാനറിൽ മലേഗാവ് നിയോജക മണ്ഡലത്തിൽനിന്ന് നിയമസഭയിലെത്തിയ പള്ളി ഇമാമും മദ്രസാ അധ്യാപകനുമായ മുഫ്തി ഇസ്മാഈൽ പാർശ്വവൽകൃതരുടെ വിജയ പ്രതീകമായി മാറി.**

ലോക്സഭാ തെരഞ്ഞെടുപ്പിലെ തോൽവിയെ തുടർന്ന് പൊട്ടിപ്പുറപ്പെട്ട ആഭ്യന്തര യുദ്ധത്തിൽ ഉലഞ്ഞുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രതിപക്ഷ കക്ഷിയായ ബി.ജെ.പിയുടെ അവശേഷിക്കുന്ന അടിത്തറകൂടി ഇളക്കുന്നതാണ് മൂന്ന് സംസ്ഥാനങ്ങളിലെയും തെരഞ്ഞെടുപ്പ് ഫലം. മഹാരാഷ്ട്രയിലെ തോൽവി ശിവസേനയുടെ തലയിൽ വെച്ചുകെട്ടുന്നത് അതിശയോക്തിപരമാണെന്നും പാർട്ടിയുടെ അടിത്തറക്ക് ഇളക്കമേറ്റുവെന്നും ബി.ജെ.പി നേതാക്കൾ തന്നെ സമ്മതിക്കുന്നു.

ലോക്സഭാ തെരഞ്ഞെടുപ്പിലെ തോൽവി വസ്തുനിഷ്ഠമായി വിലയിരുത്താൻ കഴിയാതെ അവശേഷിച്ച സ്ഥാനമാനങ്ങൾ വീതംവെക്കുന്നതിന് കടിപിടി കൂടുകയായിരുന്നു പാർട്ടിയുടെ ദേശീയ നേതൃത്വം. ദൽഹിയിലെ തമ്മിൽ തല്ലിനിടയിൽ തൊട്ട അയൽപക്കത്ത് കോൺഗ്രസിനെതിരെ ഉരുണ്ടുകൂടിയ ഭരണവിരുദ്ധ വികാരം കാണാൻ അവർക്ക് കഴിഞ്ഞില്ല. ഓം പ്രകാശ് ചൗതാലയുടെ ഇന്ത്യൻ നാഷ്നൽ ലോക്ദളുമായുണ്ടായിരുന്ന ദീർഘനാളത്തെ സഖ്യം പൊട്ടിച്ചത് കൺമുമ്പിലെ യാഥാർഥ്യം കാണാതെയായിരുന്നു. ഭജൻലാലിന്റെ മകൻ കുൽദീപ് ബിഷ്ണോയിയെ മുഖ്യമന്ത്രിയാക്കാൻ ഇഷ്ടപ്പെടാതിരുന്ന ബി.ജെ.പി എച്ച്.ജെ.സിയുമായും തെറ്റിപ്പിരിഞ്ഞു. ഒരു മാറ്റത്തിനുവേണ്ടിയാണ് ഹരിയാനയിലെ ജനങ്ങൾ വോട്ട് ചെയ്തതെന്ന് ചൗതാലക്ക് അപ്രതീക്ഷിതമായി കിട്ടിയ 31 സീറ്റുകൾ തെളിയിക്കുന്നു. കഴിഞ്ഞ തവണ ആകെ പോൾ ചെയ്തതിൻെറ 42.5 ശതമാനം വോട്ട് നേടിയ കോൺഗ്രസ് ഇത്തവണ 35.1 ശതമാനം വോട്ടിലേക്ക് കൂപ്പുകുത്തിയത് ഭരണവിരുദ്ധ വികാരത്തിന്റെ തീവ്രത കൊണ്ടാണ്. പക്ഷേ കാറ്ററിഞ്ഞു പാറ്റാൻ ബി.ജെ.പിക്ക് കഴിയാതെ പോയി.

ബി.ജെ.പിയെ പൂർണമായും വിഴുങ്ങാൻ ആർ.എസ്.എസിനുള്ള ന്യായീകരണമായി തെരഞ്ഞെടുപ്പ് ഫലം മാറും. പാർട്ടി പ്രസിഡന്റ് രാജ്നാഥ് സിംഗിന്റെ കാലാവധി അടുത്ത മാസം തീരും. ഏറെ കഴിയാതെ എൽ.കെ അദ്വാനി പ്രതിപക്ഷ നേതൃസ്ഥാനവും ഒഴിയേണ്ടി വരും. ഇരുവരുടെയും പിൻഗാമികളെ ആർ.എസ്.എസ് തീരുമാനിക്കുമെന്നത് പാർട്ടി ഉപശാലകളിൽ ഇന്ന് ഒരു രഹസ്യമല്ല.

### തിരസ്കൃതരുടെ വേദന

കത്തിക്കാളുന്ന നിരവധി വിഷയങ്ങളുണ്ടായിട്ടും അവ ജനങ്ങളിലേക്കെത്തിക്കാൻ പ്രതിപക്ഷ കക്ഷികളൊന്നും മുതിർന്നില്ല. 10 വർഷത്തെ കോൺഗ്രസ്–എൻ.സി.പി ഭരണത്തിനിടയിൽ 7861 കർഷകരാണ് വിദർഭയിൽ മാത്രം കടം മൂലം ജീവനൊടുക്കിയത്. ഒരു സർക്കാറിനെ മറിച്ചിടാൻ പര്യാപ്തമായ ഒരു വിഷയമായിരുന്നു ഇത്. കേന്ദ്ര കൃഷിമന്ത്രി മഹാരാഷ്ട്രയിൽ നിന്നുള്ള എൻ.സി.പി നേതാവായി

ട്ടും പേരിന് പ്രക്ഷോഭം നടത്താൻ വരെ പ്രതിപക്ഷത്തിന് കഴിഞ്ഞില്ല.

രൂക്ഷമായ വൈദ്യുതിക്ഷാമമായിരുന്നു മഹാരാഷ്ട്രയിലെ മറ്റൊരു പ്രശ്നം. 5500 മെഗാവാട്ട് വൈദ്യുതിയുടെ കുറവ് അനുഭവിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനത്ത് പത്ത് വർഷത്തിനിടയിൽ പുതുതായി ഒരു മെഗാവാട്ട് വൈദ്യുതി പോലും ഉൽപാദിപ്പിച്ചിട്ടില്ല. മഹാരാഷ്ട്രയിൽ നിന്നുള്ള മുതിർന്ന കോൺഗ്രസ് നേതാവ് സുശീൽകുമാർ ഷിൻഡെ കേന്ദ്ര ഊർജ മന്ത്രിയായിരിക്കുമ്പോഴാണ് ഗ്രാമങ്ങൾ 12 മണിക്കൂർ പവർകട്ട് അനുഭവിച്ചുകൊണ്ടിരുന്നത്. മുംബൈയിൽ ഒരു കപ്പ് ചായക്ക് ഒമ്പത് രൂപ വാങ്ങുന്നേടത്തോളം വിലക്കയറ്റമെത്തിയിട്ടും തെരഞ്ഞെടുപ്പിൽ വിലക്കയറ്റമൊരു വിഷയമായില്ല.

പാർശ്വവൽക്കരിക്കപ്പെടുന്ന തിരസ്കൃതർ കോൺഗ്രസിന്റെ കാപട്യം തിരിച്ചറിയുന്നതിന്റെ ശുഭസൂചനയും ഈ തെരഞ്ഞെടുപ്പ് നൽകി. നിയമസഭാ തെരഞ്ഞെടുപ്പിൽ ജൻ സ്വരാജ്യ ശക്തി (ജെ.എസ്.എസ്) എന്ന പ്രാദേശിക സംഘടനയുടെ ബാനറിൽ മാലേഗാവ് നിയോജക മണ്ഡലത്തിൽനിന്ന് നിയമസഭയിലെത്തിയ പള്ളി ഇമാമും മദ്റസാ അധ്യാപകനുമായ മുഫ്തി ഇസ്മാഈൽ പാർശ്വവൽകൃതരുടെ വിജയ പ്രതീകമായി മാറി. കോൺഗ്രസ് സ്ഥാനാർഥിയും എം.എൽ.എയുമായ ശൈഖ് റാശിദിനെതിരെ 18,000 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ച മുഫ്തി ഇസ്മാഈൽ 1999 മുതൽ കോൺഗ്രസ് സ്ഥാനാർഥിയായി ജയിക്കുന്ന ശൈഖ് റാശിദ് 10 വർഷം എം.എൽ.എയായിട്ടും മാലേഗാവിനു വേണ്ടി ഒന്നും ചെയ്യാതിരുന്നത് പറഞ്ഞാണ് വോട്ട് പിടിച്ചത്.

ന്യൂനപക്ഷ വേട്ടക്ക് കുപ്രസിദ്ധമായ മഹാരാഷ്ട്രയിൽ സ്ഫോടനങ്ങളുടെ പേരിൽ നൂറുകണക്കിനു നിരപരാധികളായ മുസ്‌ലിം ചെറുപ്പക്കാർ അറസ്റ്റ് ചെയ്യപ്പെടുന്നുണ്ടെന്ന വിവരം പുറത്തു കൊണ്ടു വന്ന കേസായിരുന്നു മാലേഗാവ് സ്ഫോടനക്കേസ്. സംഘ്പരിവാറിന്റെ പ്രജ്ഞാസിംഗും സൈനിക കമാൻഡർ പുരോഹിതുമായിരുന്നു സ്ഫോടനങ്ങൾക്കു പിന്നിലെന്നു തെളിഞ്ഞിട്ടും അവർക്കെതിരെ ശക്തമായ നടപടിയെടുക്കാൻ കോൺഗ്രസ്-എൻ.സി.പി സർക്കാർ അറച്ചുനിന്നതിന്റെ തിരിച്ചടി കൂടിയായി വേണം മുഫ്തിയുടെ ജയത്തെ വിലയിരുത്താൻ.

## അതിരുകടക്കുന്ന ആത്മവിശ്വാസം

ലോക്സഭാ തെരഞ്ഞെടുപ്പിൽ കിട്ടിയ അപ്രതീക്ഷിത ജയത്തിൽ കണ്ണഞ്ചി നിയമസഭ നേരത്തെ പിരിച്ചുവിട്ട് തെരഞ്ഞെടുപ്പിനിറങ്ങിയ കോൺഗ്രസിന്റെ അതിരുകടക്കുന്ന ആത്മവിശ്വാസത്തിനേറ്റ അടിയായി ഹരിയാനയുടെ ഫലം. 2010 ഫെബ്രുവരിയിൽ നടക്കേണ്ട തെരഞ്ഞെടുപ്പാണ് പ്രതിപക്ഷമില്ലാതെ ജയിച്ചുകയറാമെന്ന് കരുതി കോൺഗ്രസ് നേരത്തെയാക്കിയത്. കോടീശ്വരൻമാരെ സ്ഥാനാർഥികളാക്കി മാധ്യമങ്ങളിൽ കോടികളുടെ പരസ്യം വാരിവിതറിയ കോൺഗ്രസിന് 90 അംഗ സഭയിൽ ഭൂരിപക്ഷം തികക്കാൻ കുതിരക്കച്ചവടം നടത്തേണ്ടി വന്നിരിക്കുകയാണ്. 57 മുതൽ 65 വരെ സീറ്റ് പ്രതീക്ഷിച്ച ഹരിയാനയിൽ 40 സീറ്റ് കൊണ്ട് കോൺഗ്രസിന് തൃപ്തിപ്പെടേണ്ടി വന്നു. ഹൂഡ തെരഞ്ഞെടുപ്പിനെ കൈകാര്യം ചെയ്ത രീതിയിൽ എന്തു പിഴച്ചുവെന്ന് പരിശോധിക്കുമെന്ന് കോൺഗ്രസ് പറഞ്ഞിരിക്കുകയാണ്. എന്നാൽ ഒരു വീണ്ടുവിചാരത്തിന് ഇത് പാർട്ടിയെ പ്രേരിപ്പിക്കുമെന്ന് കരുതാൻ കോൺഗ്രസിന്റെ ഭൂതകാലം സമ്മതിക്കുന്നില്ല.

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പോടെ വർധിതവീര്യത്തിലായ കോൺഗ്രസിന്റെ ആവർത്തിക്കുന്ന വിജയങ്ങളാണ് രാജ്യം ഏകകക്ഷി ഭരണത്തിലേക്ക് പോ

**ശക്തമായ പ്രതിപക്ഷമില്ലാത്തതിന്റെ അപ്രമാദിത്തം കേന്ദ്രത്തിൽ ആസ്വദിച്ചുകൊണ്ടിരിക്കുന്ന കോൺഗ്രസിന് വിവിധ സംസ്ഥാനങ്ങളിലെ ശൂന്യത നിയമസഭകളിലേക്കും ഈസി വാക്കോവർ നൽകിക്കൊണ്ടിരിക്കുകയാണ്. വിജയികളും പരാജിതരും തമ്മിലുള്ള വിടവ് വർധിച്ചുകൊണ്ടിരിക്കുന്നത് ജനാധിപത്യത്തിന്റെ അനാരോഗ്യകരമായ പ്രവണതയാണ് കാണിക്കുന്നത്. തിരുവായ്ക്ക് എതിർവായ് ഇല്ലാതിരുന്നാൽ കോൺഗ്രസിന് എന്തു സംഭവിക്കുമെന്നതിന് അടിയന്തരാവസ്ഥ സാക്ഷിയാണ്. അരുന്ധതിയെപ്പോലുള്ളവർ ഇന്ത്യൻ ജനാധിപത്യം ഇപ്പോൾ അടിയന്തിരാവസ്ഥയിലാണെന്ന് പറയുന്നത് വെറുതെയല്ല.**




---

കുമെന്ന ആശങ്ക നൽകുന്നത്. മൂന്ന് സംസ്ഥാനങ്ങളിൽ ഒരേസമയം ഭരണവിരുദ്ധവികാരം മറികടന്ന് അധികാരം നിലനിർത്താനായത് ഒരു ദേശീയപാർട്ടിയെ സംബന്ധിച്ചേടത്തോളം നിസാരമല്ല.കനത്ത പോളിംഗ് നടന്ന അരുണാചൽപ്രദേശിൽ ഫലത്തിൽ പ്രതിപക്ഷമില്ലാത്ത സാഹചര്യമാണ് 62ൽ 42 സീറ്റും നേടി കോൺഗ്രസ് സൃഷ്ടിച്ചത്. അവശേഷിച്ചതിൽ അഞ്ചു സീറ്റ് വീതം നേടിയ എൻ.സി.പി തൃണമൂലും യു.പി.എയുടെ സഖ്യകക്ഷികളാണ്.

ഇന്ത്യയുടെ രാഷ്ട്രീയ കാൻവാസിൽ ഒരു പ്രതിപക്ഷത്തെ ഉൾക്കൊള്ളാൻ കഴിയാത്ത മാനസികാവസ്ഥയിലേക്ക് കോൺഗ്രസിനെ കൊണ്ടെത്തിക്കുന്നതാണ് ഈ ഫലങ്ങൾ.

ശക്തമായ പ്രതിപക്ഷമില്ലാത്തതിന്റെ അപ്രമാദിത്തം കേന്ദ്രത്തിൽ ആസ്വദിച്ചുകൊണ്ടിരിക്കുന്ന കോൺഗ്രസിന് വിവിധ സംസ്ഥാനങ്ങളിലെ ശൂന്യത നിയമസഭകളിലേക്കും ഈസി വാക്കോവർ നൽകിക്കൊണ്ടിരിക്കുകയാണ്. വിജയികളും പരാജിതരും തമ്മിലുള്ള വിടവ് വർധിച്ചുകൊണ്ടിരിക്കുന്നത് ജനാധിപത്യത്തിന്റെ അനാരോഗ്യകരമായ പ്രവണതയാണ് കാണിക്കുന്നത്. തിരുവായ്ക്ക് എതിർവായ് ഇല്ലാതിരുന്നാൽ കോൺഗ്രസിന് എന്തു സംഭവിക്കുമെന്നതിന് അടിയന്തരാവസ്ഥ സാക്ഷിയാണ്. അരുന്ധതിയെപ്പോലുള്ളവർ ഇന്ത്യൻ ജനാധിപത്യം ഇപ്പോൾ അടിയന്തിരാവസ്ഥയിലാണെന്ന് പറയുന്നത് വെറുതെയല്ല. ■